# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ജൂൺ 13**

**JUNE 13** **2018**

***1193 ഇടവം 30 ബുധൻ***

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**സംഘാടക സമിതി യോഗം ഇന്ന് (14)**

വായനദിന-വായന വാരാചരണം ജില്ലയിൽ നടത്തുന്നത് സംബന്ധിച്ച സംഘാടക സമിതിയോഗം ഇന്ന് (14) രാവിലെ 10.30ന് കളക്ടറേറ്റിൽ ചേരുമെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചു.

(പിഎൻപി 1517/18)

**ചുമതലയേറ്റു**

ആറന്മുള വാസ്തുവിദ്യാഗുരുകുലത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടറായി റ്റി.കെ.കൃഷ്ണദാസ് ചുമതലയേറ്റു. പുരാവസ്തു വകുപ്പിലെ എഡ്യൂക്കേഷൻ ഓഫീസറായിരുന്നു.

(പിഎൻപി 1518/18)

**എഴുത്തുപരീക്ഷ 24ന്**

ജില്ലയിലെ പട്ടികവർഗ യുവതീയുവാക്കൾക്ക് ക്ലാർക്ക് ജോലിയിൽ പരിശീലനം നൽകുന്നതിനായി മാനേജ്മെന്റ് ട്രെയിനികളായി തെരഞ്ഞെടുക്കുന്നതിന് ഈ മാസം 17ന് നടത്താനിരുന്ന എഴുത്തുപരീക്ഷ 24ലേക്ക് മാറ്റിയതായി ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ അറിയിച്ചു.

(പിഎൻപി 1519/18)

## ഇലന്തൂരിൽ ഡെങ്കിപനി പ്രതിരോധ മെഡിക്കൽ ക്യാമ്പ് വ്യാഴാഴ്ച

ഡെങ്കിപ്പനി വ്യാപകമായ ഇലന്തൂർ പഞ്ചായത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തുന്നു. സാമൂഹികാരോഗ്യ കേന്ദ്രം, ആയുർവേദാശുപത്രി, ഹോമിയോ ആശുപത്രി എന്നിവയുടെ സംയുക്ത സഹകരണത്തോടെയാണ് പഞ്ചായത്ത് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നത്. രാവിലെ പത്ത് മുതൽ ഒരു മണി വരെ വൈഎംഎ വാര്യാപുരത്തും ഉച്ചകഴിഞ്ഞ് രണ്ട് മണി മുതൽ അഞ്ച് മണി വരെ വിളക്കുകൽ ഭാഗത്തുമായാണ് സൗജന്യപരിശോധന സംഘടിപ്പിച്ചിക്കുന്നത്. പരിശോധനയ്ക്കെത്തുന്നവർക്ക് പ്രതിരോധ മരുന്നും നൽകും. പഞ്ചായത്തിലെ നാലാം വാർഡിൽ മാത്രമായി പതിനഞ്ചിലധികം പേർക്ക് ഡെങ്കിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിലാണ് പഞ്ചായത്ത് അധികൃതർ നേരിട്ട് പനി പ്രതിരോധത്തിന് ചുക്കാൻ പിടിക്കുന്നത്. ആരോഗ്യവകുപ്പിന്റെ കൂടി സഹകരണത്തോടെ കഴിഞ്ഞദിവസം പഞ്ചായത്തിലെ മധുമൂല, വാര്യാപുരം ഭാഗങ്ങളിൽ നേരിട്ടെത്തി പനി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. പഞ്ചായത്ത് അധികൃതർ, കുടുംബശ്രീ, തൊഴിലുറപ്പ് പ്രവർത്തകർ, ആശാ പ്രവർത്തകർ, സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകർ എന്നിവർ നേരിട്ടെത്തിയാണ് പ്രദേശവാസികൾക്ക് ബോധവൽക്കരണം നടത്തിയത്. പനി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കിണറുകളിൽ ക്ലോറിനേഷൻ നടത്തി. പഞ്ചായത്ത് പ്രസിഡന്റ് സാംസൺ തെക്കേതിൽ, ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ ചെയർമാൻ എൻ. ശിവരാമൻ, ഗ്രാമപഞ്ചായത്ത് ആരോഗ്യ ചെയർമാൻ കെ.പി മുകുന്ദൻ, ഹെൽത്ത് ഇൻസ്പെക്ടർ കെ.എം.ഷാജി എന്നിവരാണ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. (പിഎൻപി 1520/18)

## സപ്ലിമെന്ററി പരീക്ഷ

എഐറ്റിറ്റി 2018 സി.ഒ.ഇ, ബി.ബി.ബി.റ്റി, അഡ്വാൻസ്ഡ് മോഡ്യൂൾ ട്രെയിനിംഗിലും നേരത്തെ പരീക്ഷയെഴുതി പരാജയപ്പെട്ട് തുടർച്ചയായി ചാൻസ് കഴിയാത്ത ട്രെയിനികൾക്ക് സപ്ലിമെന്ററി പരീക്ഷയെഴുതുന്നതിന് അപേക്ഷിക്കാം. 0230-L&E-00-800-OR-88-0I എന്ന ശീർഷകത്തിൽ 160 രൂപ ഫീസ് അടച്ച ചെലാൻ സഹിതം ഈ മാസം 16നകം അപേക്ഷിക്കണം. കൂടുതൽ വിവരം ചെന്നീർക്കര ഐടിഐയിൽ ലഭിക്കും. ഫോൺ: 0468 2258710. (പിഎൻപി 1521/18)

## എലിപ്പനിക്കെതിരെ ജാഗ്രത പാലിക്കണം – ഡിഎംഒ

ജില്ലയിൽ എലിപ്പനി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിനെതിരെ അതീവ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ.ഷീജ അറിയിച്ചു. ആറന്മുള, പുറമറ്റം പഞ്ചായത്തുകളിലാണ് കൂടുതൽ എലിപ്പനി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കെട്ടിനിൽക്കുന്ന ജലത്തിൽ എലിമൂത്രത്തിലൂടെ രോഗാണു വ്യാപിക്കും. ഇതുമായി സമ്പർക്കത്തിൽ വരുന്നവരുടെ കൈകാലുകളിലെ മുറിവ്, പോറൽ, വിരലുകൾക്കിടയിലും കണ്ണിലുമുള്ള നേർത്ത ചർമ്മം എന്നിവിടങ്ങളിലൂടെ രോഗാണു ശരീരത്തിൽ പ്രവേശിക്കാം. തുടക്കത്തിൽ തന്നെ രോഗം തിരിച്ചറിഞ്ഞ് ചികിത്സ തേടിയില്ലെങ്കിൽ കരൾ, വൃക്ക, ശ്വാസകോശം, ഹൃദയം, തലച്ചോറ് എന്നിവയെ ബാധിക്കുകയും മരണം സംഭവിക്കുകയും ചെയ്യാം. പനി, പേശിവേദന, തലവേദന, കണ്ണിൽ ചുവപ്പ് എന്നിവയാണ് എലിപ്പനിയുടെ പ്രധാന ലക്ഷണങ്ങൾ. ചുമയും നെഞ്ചുവേദനയും മഞ്ഞപ്പിത്തവും ഇതിന്റെ ലക്ഷണങ്ങളാവാറുണ്ട്. ജലവുമായി സമ്പർക്കത്തിൽ വരുന്ന തൊഴിലാളികൾ, കർഷകർ തുടങ്ങിയവർ ജോലിക്കിറങ്ങുന്നതിന് ഒരു ദിവസം മുമ്പേ രോഗപ്രതിരോധത്തിനായുള്ള ഡോക്സീസൈക്ലിൻ ഗുളിക കഴിക്കണം. എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും സൗജന്യമായി ഇത് ലഭിക്കും. പനി ലക്ഷണങ്ങൾ കണ്ടാൽ സ്വയം ചികിത്സ നടത്താതെ ആരോഗ്യ കേന്ദ്രങ്ങളിലെത്തണം.

എലിയെക്കൂടാതെ അണ്ണാൻ, മരപ്പട്ടി, പട്ടി, പന്നി, കന്നുകാലികൾ തുടങ്ങിയ മൃഗങ്ങളും രോഗാണുവാഹകരാകാം. എലിമൂത്രം കലർന്ന ജലം തിളപ്പിച്ചാറാതെ കുടിക്കുക, എലിമൂത്രം വീണ ആഹാരം കഴിക്കുക എന്നിവയിലൂടെയും എലിപ്പനി പിടിപെടും. കിണറുകൾ, ടാങ്കുകൾ തുടങ്ങിയവ എലി കയറാതെ അടച്ചു സൂക്ഷിക്കണമെന്നും ഡിഎംഒ അറിയിച്ചു.

(പിഎൻപി 1522/18)

## പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം - ജില്ലാ കളക്ടർ

ജില്ലയുടെ പല ഭാഗങ്ങളിലും ഡങ്കിപ്പനി, എലിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണമെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ് പറഞ്ഞു. രോഗബാധ കൂടുതലായി റിപ്പോർട്ട് ചെയ്ത പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും വിവിധ വകുപ്പ് മേധാവികൾക്കും സന്നദ്ധ സംഘടനകൾക്കുമായി കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു കളക്ടർ. ശുചീകരണ പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകണം. വാർഡുതല ശുചിത്വ ആരോഗ്യ സമിതികൾ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തണം. വാർഡുതല സമിതികൾക്ക് ശുചിത്വമിഷനിൽ നിന്നും നൽകിയിട്ടുള്ള പതിനായിരം രൂപയും പഞ്ചായത്തുകൾ നൽകുന്ന 5000 രൂപയും ലഭിച്ചു എന്ന് ഉറപ്പുവരുത്തണം. കൊതുകുകളുടെ ഉറവിട നശീകരണ പ്രവർത്തനങ്ങളിൽ എല്ലാവിഭാഗം ജനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും പങ്കാളിത്തം ഉണ്ടാകണം. മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെയും പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നവർക്കെതിരെയും ശക്തമായ നിയമനടപടികൾ സ്വീകരിക്കണമെന്നും കളക്ടർ പറഞ്ഞു. ഇതരസംസ്ഥാന തൊഴിലാളികളെ താമസിപ്പിച്ചിരിക്കുന്ന കെട്ടിട ഉടമകളുടെ യോഗം വിളിച്ചുചേർക്കാൻ ജില്ലാ ലേബർ ഓഫീസർക്ക് കളക്ടർ നിർദേശം നൽകി. റോഡുകളുടെയും ഓടകളുടെയും ശുചീകരണം പൊതുമരാമത്ത് വകുപ്പ് ഉടൻ പൂർത്തിയാക്കണം. തോട്ടം മേഖലകൾ കേന്ദ്രീകരിച്ച് പ്രത്യേക പ്രവർത്തനം നടത്തണം. ഈ മാസം 17ന് എല്ലാ പഞ്ചായത്തുകളിലും റബ്ബർ തോട്ടങ്ങളിലെ പരിശോധനയ്ക്കായി മൂവ് ഢറ്റു പ്ലാന്റേഷൻ പരിപാടി സംഘടിപ്പിക്കണം. പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്ന പ്രവർത്തനം എല്ലാ പഞ്ചായത്തുകളും ഉടൻ ആരംഭിക്കണം. കുടുംബശ്രീ അംഗങ്ങൾ രോഗപ്രതിരോധ പ്രവർത്തനങ്ങളിലും ബോധവത്ക്കരണ പരിപാടികളിലും പങ്കെടുക്കണം. പ്രവർത്തനങ്ങൾ കർശനമായി വിലയിരുത്തുമെന്നും വീഴ്ചകൾ ഉണ്ടായാൽ നടപടി സ്വീകരിക്കുമെന്നും കളക്ടർ പറഞ്ഞു.

ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ.ഷീജ, ഡെപ്യൂട്ടി ഡിഎംഒ ഡോ.റ്റി.അനിതകുമാരി എന്നിവർ പകർച്ചവ്യാധികളുടെ വ്യാപനം, നിലവിലുള്ള അവസ്ഥ എന്നിവ വിശദീകരിച്ചു.

പത്തനംതിട്ട നഗരസഭാധ്യക്ഷ രജനി പ്രദീപ്, തിരുവല്ല നഗരസഭാധ്യക്ഷൻ കെ.വി.വർഗീസ്, കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് മോഹൻരാജ് ജേക്കബ്, മലയാലപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ജയലാൽ, വള്ളിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിസിമോൾ ജേക്കബ്, വിവിധ തദ്ദേശ ഭരണ ഭാരവാഹികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1523/18)




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ജൂൺ 13<br>JUNE 13 | 2018 |
|---|---|

***1193 ഇടവം 30 ബുധൻ***

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**കാൽപന്തുകളിക്ക് ആവേശമുയർത്തി വിളംബരജാഥ**

ലോകകപ്പ് ഫുട്ബോൾ പ്രചണാർഥം ജില്ലാ ഭരണകൂടവും സ്പോർട്സ് കൗൺസിലും യുവജനക്ഷേമ ബോർഡും ഫുട്ബോൾ അസോസിയേഷനും സംയുക്തമായി ജില്ലയിൽ വിളംബര ജാഥ നടത്തി. കളക്ടറേറ്റ് ജംഗ്ഷനിൽ നിന്നും ആരംഭിച്ച റാലി രാജുഎബ്രഹാം എംഎൽഎ ഉദ്ഘാടനം ചെയ്തു. ജില്ലാ പോലീസ് മേധാവി ടി.നാരായണൻ ഫ്ളാഗ് ഓഫ് ചെയ്തു. സന്തോഷ് ട്രോഫി ടീം സെലക്ടറായിരുന്ന രഞ്ജി കെ.ജേക്കബിനെ നഗരസഭാധ്യക്ഷ രജനി പ്രദീപ് ആദരിച്ചു. നഗരസഭാ വൈസ് ചെയർമാൻ പി.കെ.ജേക്കബ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് മാമ്മൻ കൊ  ൂർ, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കെ.അനിൽകുമാർ, സെക്രട്ടറി സെബാസ്റ്റ്യൻ, ഷാജി കെ.മുഹമ്മദ്, തദ്ദേശഭരണ ഭാരവാഹികൾ, യുവജനക്ഷേമ ബോർഡ് അംഗങ്ങൾ, കായികതാരങ്ങൾ തുടങ്ങിയവർ റാലിയിൽ പങ്കെടുത്തു.

(പിഎൻപി 1524/18)

**മണ്ണാറക്കുളഞ്ഞി-കോഴഞ്ചേരി റോഡിന്റെ നിർമാണോദ്ഘാടനം ഇന്ന് (14)**

മലയോര മേഖലയുടെ വികസനത്തിനും ശബരിമല തീർഥാടകർക്ക് യാത്രാസൗകര്യമൊരുക്കുന്നതിനും ഉതകുന്ന മണ്ണാറക്കുളഞ്ഞി-കോഴഞ്ചേരി റോഡിന്റെ നിർമാണോദ്ഘാടനം ഇന്ന് നടക്കും. നാരങ്ങാനം ആലുങ്കൽ ജംഗ്ഷനിൽ വൈകിട്ട് 5.30ന് വീണാജോർജ് എംഎൽഎയുടെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ ഉദ്ഘാടനം ചെയ്യും. ആന്റോ ആന്റണി എംപി മുഖ്യപ്രഭാഷണം നടത്തും.

അടൂർ പ്രകാശ് എംഎൽഎ വിശിഷ്ടാതിഥിയായിരിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ബി.സത്യൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ കടമ്മനിട്ട കരുണാകരൻ, മിനി ശ്യാം മോഹൻ, പി.കെ.ഗോപി, ജില്ലാ പഞ്ചായത്തംഗം സൂസൻ അലക്സ്, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, കേരള റോഡ് ഫ ് ബോർഡ് ചീഫ് എൻജിനീയർ വി.വി.ബിനു, സൂപ്ര ിംഗ് എൻജിനീയർ വിശ്വപ്രകാശ്, എക്സിക്യൂട്ടീവ് എൻജിനീയർ ആർ.അനിൽകുമാർ, വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. (പിഎൻപി 1525/18)

## പത്തനംതിട്ട – താഴൂർകടവ് റോഡിന്റെ ഉദ്ഘാടനം ഇന്ന് (14)

ആറന്മുള മണ്ഡലത്തിൽ പുതിയ കാലം പുതിയ നിർമാണം എന്ന വികസന മുദ്രാവാക്യം ഏറ്റെടുത്ത് നവീകരിച്ച പത്തനംതിട്ട മുതൽ താഴൂർകടവ് വരെയുള്ള റോഡിന്റെ ഉദ്ഘാടനം ഇന്ന് നടക്കും. വാഴമുട്ടം ഗവൺമെന്റ് യു.പി സ്കൂളിൽ വൈകിട്ട് 4.30ന് വീണാ ജോർജ് എംഎൽഎയുടെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി.സുധാകരൻ ഉദ്ഘാടനം ചെയ്യും. ആന്റോ ആന്റണി എംപി മുഖ്യപ്രഭാഷണം നടത്തും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, നഗരസഭാധ്യക്ഷ രജനി പ്രദീപ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ബി.സത്യൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ഗീതാ വിജയൻ, ലിസിമോൾ ജോസഫ്, ജില്ലാ പഞ്ചായത്തംഗം ജെ.ഇന്ദിരാദേവി, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എൻജിനീയർ എം.എൻ.ജീവരാജ്, എക്സിക്യൂട്ടീവ് എൻജിനീയർ ആർ.അനിൽകുമാർ, വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. (പിഎൻപി 1525/18)

## ആറന്മുള ജലമേള പൂർണമായും ഹരിതചട്ടം പാലിച്ച് നടത്താൻ തീരുമാനം
## പമ്പയിലെ മൺപുറ്റുകൾ ജൂലൈ 15ന് മുമ്പ് നീക്കണം – വീണാജോർജ് എംഎൽഎ

ആറന്മുള ജലമേളയുമായി ബന്ധപ്പെട്ട് പമ്പയാറിലെ മൺപുറ്റുകൾ നീക്കുന്ന പ്രവർത്തികൾ ജൂലൈ 15ന് മുമ്പ് പൂ ർത്തിയാക്കണമെന്ന് വീണാജോർജ് എംഎൽഎ പറഞ്ഞു. ഉതൃട്ടാതി ജലമേളയ്ക്ക് സർക്കാർ തലത്തിൽ ഏർപ്പെടുത്തേ ക്രമീകരണങ്ങൾ വിലയിരുത്തുന്നതിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു എംഎൽഎ. ആറന്മുളയിൽ നടക്കുന്ന ഡ്രഡ്ജിംഗ് പ്രവർത്തനങ്ങൾക്ക് വേഗതയില്ലായെന്ന് പരാതിയുള്ളതിനാൽ ഇക്കാര്യത്തിൽ മേജർ ഇറിഗേഷൻ വകുപ്പ് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കണം. ഇതിലേക്ക് കൂടുതൽ തുക ലഭ്യമാക്കുന്ന കാര്യം അടിയന്തരമായി ജലവിഭവ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തും. സത്രക്കടവ് മുതൽ ക്ഷേത്രക്കടവ് വരെ മേജർ ഇറിഗേഷൻ വകുപ്പ് നിർമിക്കുന്ന റോഡിന്റെ നിർമാണപ്രവർത്തനങ്ങൾ ഉടൻ പൂർത്തിയാക്കുമെന്നും എംഎൽഎ പറഞ്ഞു.

ജലമേള പൂർണമായും ഹരിതചട്ടം പാലിച്ച് നടത്തുമെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ് പറഞ്ഞു. ഹരിതചട്ടം പൂർണമായും പാലിക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ പള്ളിയോട സേവാസംഘം എല്ലാ പള്ളിയോട കരകൾക്കും നൽകും. ജലമേളയ്ക്ക് എത്തുന്നവർക്ക് ഇതുസംബന്ധിച്ച് കൂടുതൽ ബോധവത്ക്കരണം സർക്കാർ വകുപ്പുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ നൽകും. ജലമേളയുമായി ബന്ധപ്പെട്ട എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഹരിതചട്ടം പാലിക്കുന്നത് സംബന്ധിച്ച വ്യക്തമായ മാർഗരേഖ തയാറാക്കി നടപ്പാക്കണം.

ആറന്മുള ഉതൃട്ടാതി ജലമേളയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനായി മാധ്യമങ്ങളിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയും കാര്യക്ഷമമായ പ്രചാരണ പരിപാടികൾ ടൂറിസം വകുപ്പും, പള്ളിയോട സേവാസംഘവും ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പും നടത്തണമെന്ന് ജില്ലാ കളക്ടർ നിർദേശിച്ചു. ജലമേളയുമായി ബന്ധപ്പെട്ട് ആറന്മുള, മല്ലപ്പുഴശേരി, തോട്ടപ്പുഴശേരി, കോഴഞ്ചേരി, കോയിപ്രം ഗ്രാമപഞ്ചായത്തുകൾ തനത് ഫ ിൽ നിന്നും തുക വിനിയോഗിച്ച് ആവശ്യമായ ശുചീകരണ പ്രവർത്തനങ്ങൾ നടത്തണം. ഇതിന് പ്രത്യേക അനുമതി ആവശ്യമുള്ള പക്ഷം ശുപാർശ ഉടൻ നൽകണമെന്നും ജില്ലാ കളക്ടർ നിർദേശിച്ചു. ഈ പഞ്ചായത്തുകൾ ജലമേളയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് വരും വർഷങ്ങളിൽ തൊഴിലുറപ്പ് ബഡ്ജറ്റിൽ പ്രത്യേക അനുമതി വാങ്ങി തുക വകയിരുത്തുന്നതിന് ശ്രദ്ധിക്കണം.

ജലമേളയുടെ കാര്യക്ഷമമായ നടത്തിപ്പിനായി പമ്പാനദിയിൽ നടക്കുന്ന ഡ്രഡ്ജിംഗ് പ്രവർത്തനങ്ങൾ ജൂലൈ 15ന് മുമ്പ് പൂർത്തിയാക്കണമെന്ന് കളക്ടർ മേജർ ഇറിഗേഷൻ വകുപ്പിന് നിർദേശം നൽകി.

വാട്ടർ സ്റ്റേഡിയത്തിലെ ജലനിരപ്പ് ക്രമീകരിക്കുന്നതിന് ജില്ലാതലത്തിൽ വിദഗ്ദ്ധ സമിതി രൂപീകരിക്കും. ജലമേളയുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ ഏകോപിപ്പിക്കുന്നതിന് റവന്യു വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥനെ കോ-ഓർഡിനേറ്ററായി നിയമിക്കും. പമ്പയിലെ ജലവിതാനം കുറയുന്ന പക്ഷം മണിയാർ ഡാമിൽ നിന്നും ആവശ്യാനുസരണം ജലം ലഭ്യമാക്കും. ജലമേള ദിവസമായ ആഗസ്റ്റ് 29ന് കെഎസ്ആർടിസി തിരുവല്ല, ചെങ്ങന്നൂർ, പന്തളം, പത്തനംതിട്ട, മല്ലപ്പള്ളി, അടൂർ, റാന്നി എന്നിവിടങ്ങളിൽ നിന്നും സ്പെഷ്യൽ സർവീസുകൾ നടത്തും. ഫയർഫോഴ്സിന്റെ യൂണിറ്റും സ്കൂബാ ടീമും ജലമേളയിൽ പങ്കെടുക്കുന്നവരുടെ സുരക്ഷ ഉറപ്പാക്കും. സത്രത്തിന്റെ അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് കെട്ടിട വിഭാഗം ഉടൻ പൂർത്തിയാക്കും.

ജലമേളയിൽ വിജയികളാകുന്നവർക്ക് സ്പോൺസർമാർ മുഖേന ക്യാഷ് അവാർഡുകൾ നൽകുന്നതിനുള്ള സാധ്യത ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ പരിശോധിക്കും. ആറന്മുള, മല്ലപ്പുഴശേരി, തോട്ടപ്പുഴശേരി, കോയിപ്രം ഗ്രാമപഞ്ചായത്തുകൾ തെരുവുവിളക്കുകൾ, ബയോ ടോയ്‌ലറ്റുകൾ എന്നിവ ക്രമീകരിക്കും. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തും. ജലമേളയുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ വിലയിരുത്തുന്നതിന് ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി.തോമസിന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിന് മുമ്പായി ഇതുസംബന്ധിച്ച എല്ലാ പ്രവർത്തനങ്ങളും പൂർത്തിയാക്കണമെന്ന് കളക്ടർ വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി.

യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് പി.റ്റി.എബ്രഹാം, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ എം.ബി.സത്യൻ, നിർമല മാത്യൂസ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ ലീലാമോഹൻ, പള്ളിയോട സേവാസംഘം പ്രസിഡന്റ് ബി.കൃഷ്ണകുമാ ർ കൃഷ്ണവേണി, സെക്രട്ടറി പി.ആർ.രാധാകൃഷ്ണൻ, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1526/18)

## കമ്മ്യൂണിറ്റി കൗൺസിലിംഗ് സെന്റർ ഉദ്ഘാടനം ചെയ്തു

സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കുടുംബശ്രീ ജില്ലാമിഷന്റേയും ജനമൈത്രി പോലീസിന്റേയും ആഭിമുഖ്യത്തിൽ ആരംഭിച്ച മൂന്നാമത്തെ കമ്മ്യൂണിറ്റി കൗൺസിലിംഗ് സെന്റർ ആറന്മുള പോലീസ് സ്റ്റേഷനിൽ വീണാ ജോർജ് എംഎൽഎ ഉദ്ഘാടനം ചെയ്തു. മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലത വിക്രമൻ അധ്യക്ഷത വഹിച്ചു. സർക്കി ൾ ഇൻസ്പെക്ടർ ബി.അനിൽ, എസ്.ഐ മാരായ

സി.കെ.വേണു, ജിബു ജോൺ, സുരേഷ് കുമാർ, ഗ്രാമപഞ്ചായത്തംഗം പ്രഭ രവീന്ദ്രൻ, കുടുംബശ്രീ എ.ഡി.എം.സി മാരായ വി.എസ്.സീമ, എ.മണികണ്ഠൻ, പി.ആർ.അനുപ, സി.ഡി.എസ് ചെയർപേഴ്സൺ ബിന്ദു സുരേന്ദ്രൻ, സ്നേഹിത കൗൺസിലർ ദീപ, റസിയ, കമ്മ്യൂണിറ്റി കൗൺസിലർമാരായ അർച്ചന, വിനീത, രജ്ഞന, പി.ആർ.ശ്രീജ തുടങ്ങിയവർ പങ്കെടുത്തു.

പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന വിവിധ പ്രശ്നങ്ങളിൽ കൗൺസിലിംഗിലൂടെ പരിഹരിക്കാൻ സാധിക്കുന്നവയെ കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലർമാരുടെ ഇടപെടലിലൂടെ പരിഹരിക്കുകയാണ് കമ്മ്യൂണിറ്റി കൗൺസിലിംഗ് സെന്ററിന്റെ ലക്ഷ്യം.

(പിഎൻപി 1528/18)

## പനി: 478 പേർ ചികിത്സ തേടി

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (13) 478 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടി. ഡങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ 12 പേരിൽ ഒൻപത് പേർക്ക് ഡങ്കിപ്പനി സ്ഥിരീകരിച്ചു. ര ് പേർക്ക് എലിപ്പനിയും ഒരാൾക്ക് ഹെപ്പറ്റൈറ്റിസ് ബിയും സ്ഥിരീകരിച്ചു. വയറിളക്കരോഗങ്ങൾക്ക് 80 പേർ ചികിത്സ തേടി. വല്ലന, ചെന്നീർക്കര എന്നിവിടങ്ങളിലാണ് ഡങ്കിപ്പനി സ്ഥിരീകരിച്ചത്. വല്ലന, ചെറുകോൽ എന്നിവിടങ്ങളിലാണ് എലിപ്പനി സ്ഥിരീകരിച്ചത്. ഹെപ്പറ്റൈറ്റിസ് ബി മലയാലപ്പുഴയിലാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും ഡിഎംഒ (ആരോഗ്യം) അറിയിച്ചു.

(പിഎൻപി 1529/18)

## മഴക്കെടുതി: 93.79 ലക്ഷം രൂപയുടെ കൃഷിനാശം

കാലവർഷക്കെടുതിയിൽ ജില്ലയിൽ ഇതുവരെ 93.79 ലക്ഷം രൂപയുടെ കൃഷിനാശം ഉ ായതായി പ്രിൻസിപ്പൽ കൃഷി ഓഫീസർ ഷൈല ജോസഫിന്റെ റിപ്പോർട്ട്. അയിരൂർ, റാന്നി, അങ്ങാടി, റാന്നി പെരുനാട്, ഇരവിപേരൂർ, ചിറ്റാർ, മലയാലപ്പുഴ, റാന്നി പഴവങ്ങാടി, കവിയൂർ, കുറ്റൂർ, കോയിപ്രം, പുറമറ്റം, പെരിങ്ങര, അരുവാപ്പുലം, കോട്ടാങ്ങൽ പഞ്ചായത്തുകളിലെ 45.79 ഹെക്ടർ സ്ഥലത്തുള്ള കൃഷിനാശമാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്. മറ്റ് സ്ഥലങ്ങളിലെ കൃഷിനാശത്തിന്റെ വിവരം ശേഖരിച്ചുവരുന്നു. പ്രകൃതിക്ഷോഭത്തെ തുടർന്ന് വീടുകളിൽ നിന്ന് മാറ്റിപ്പാർപ്പിച്ച 186 പേർ വിവിധ താലൂക്കുകളിലെ എട്ട് ദുരിതാശ്വാസ ക്യാമ്പുകളിലായി കഴിയുന്നു. മല്ലപ്പള്ളി താലൂക്കിലെ പുറമറ്റം വില്ലേജ്, തിരുവല്ല താലൂക്കിലെ കോയിപ്രം, കുറ്റൂർ, കുറ്റപ്പുഴ, നെടുമ്പ്രം വില്ലേജുകൾ, കോഴഞ്ചേരി താലൂക്കിലെ കിടങ്ങന്നൂർ വില്ലേജ് എന്നിവിടങ്ങളിൽ ഓരോ ക്യാമ്പുകളും തിരുവല്ല താലൂക്കിലെ തോട്ടപ്പുഴശേരി വില്ലേജ് പരിധിയിൽ ര ് ക്യാമ്പുകളും പ്രവർത്തിക്കുന്നു.

(പിഎൻപി 1530/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ആറന്മുള ഉതൃട്ടാതി ജലമേളയുമായി ബന്ധപ്പെട്ട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ വീണാജോർജ് എംഎൽഎ സംസാരിക്കുന്നു.
2) കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലിംഗ് സെന്റർ ആറന്മുള പോലീസ് സ്റ്റേഷനിൽ വീണാജോർജ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.
3) ലോകകപ്പ് ഫുട്ബോൾ പ്രചരണാർഥം ജില്ലാ ഭരണകൂടവും സ്പോർട്സ് കൗൺസിലും യുവജനക്ഷേമ ബോർഡും ഫുട്ബോൾ അസോസിയേഷനും സംയുക്തമായി നടത്തിയ വിളംബര ജാഥ പത്തനംതിട്ടയിൽ രാജുഎബ്രഹാം എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

1.



2.



3.






(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്